കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി -11/1820/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –20/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-4 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി11-1820 /11/2017 തീയതി:20/11/2017

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15-02-2016 മുതൽ 16-02-2017 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.8.17 മുതൽ 30.08.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എ.ശശിജോഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മഞ്ജുളാസാഗർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി.കെ.വിഷ്ണപ്രിയ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പ്രീതാ മാത്തുക്കുട്ടി | 1.4.2016മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.റ്റി.എൻ.ഭദ്രൻ | 1.4.2016 -18.11.16 |
| | ശ്രീ.എസ്.ഷിബു | 18.11.16-31.3.17 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഐ.അനിതകുമാരി | 1.4.2016-31.3.2017 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.സുരേഷ് | 1.4.2016-31.3.2017 |
| മെഡിക്കൽ ഓഫീസർ | ഡോ.സന്തോഷ് കുമാർ | 1.4.2016-31.3.2017 |
| കൃഷി ഓഫീസർ | ശ്രീമതി.നസിയ ഷെറീഫ് | 1.4.2016-31.3.2017 |
| വെറ്റിനറി സർജൻ | ഡോ.സജിത് സാം | 1.4.2016-31.3.2017 |
| വി.ഇ.ഒ | ശ്രീ.അജയ് വർഗ്ഗീസ് | 1.4.2016-31.3.2017 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.ശശികലദേവി.പി.എസ്. | 1.4.2016-31.8.2016 |
| | ശ്രീമതി.രമ്യ.ആർ | 31.8.2016-31.3.2017 |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 2-1 |
| 13 | അൺ എയ്ഡഡ് സ്കൂളിന്റെയും കോളേജിന്റെയും സ്ഥാപനനികുതി ഈടാക്കുന്നില്ല | 2-2 |
| | ഭാഗം 3 | |
| 14 | ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച -ഗ്രാന്റിനങ്ങളിൽ അനുവദിച്ച് നല്കിയ 2,42,46,213/-രൂപ ചെലവഴിച്ചില്ല. | 3-1 |
| 15 | തെരുവുവിളക്കുകളുടെ പരിപാലനം - മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ അധികനിരക്ക് അനുവദിച്ചുനൽകി | 3-2 |
| 16 | സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല- സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധികനിരക്ക് നൽകി | 3-3 |
| 17 | തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കരാറുകാർ മുഖേന നടപ്പിലാക്കുന്നു, ഒപ്പം തൊഴിൽക്കൂലി ക്രമരഹിതമായി കെ.എസ്.ഇ.ബി-യ്ക്കും നൽകുന്നു | 3-4 |

| | | |
|---|---|---|
| 18 | പി.എം.എ.വൈ. വിഹിതം നൽകൽ - 4ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ചിട്ടില്ല | 3-5 |
| 19 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല | 3-6 |
| 20 | പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭ്യമായില്ല | 3-7 |
| 21 | പി.എച്ച്.സി യ്ക്ക് മരുന്നുവാങ്ങൽ-പ്രോജക്ട് നമ്പർ-S0038/17- എല്ലാ മരുന്നുകളും ലഭ്യമായില്ല | 3-8 |
| | ഭാഗം 4 | |
| 22 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 25 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 27.3.26 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 1.07.2017 | 12.07.2017 | 18.8.2017 |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 18.8.2017 | കെ.എസ്.എ.കെ.എൽ.എം.പി.11/1820/17, തീയതി - 20/11/17 |

### 1-4 സാമ്പത്തികവിശകലനം

മുന്നിരിപ്പ് -1,99,59,814

വരവ് -6,07,47,022

ആകെ -8,07,06,836

ചെലവ് -5,52,63,747

നീക്കിയിരിപ്പ്-2,54,43,089

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 1,70,71,848 | 1,70,71,848 | 1,70,71,848 | ഇല്ല. | 100 |
| വികസനഫണ്ട് എസ്.സി.പി. | | 59,27,697 | 59,27,697 | 59,27,697 | ഇല്ല. | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | | 9,62,461 | 9,62,461 | 9,62,461 | ഇല്ല. | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 31,06,535 | 31,06,535 | 31,06,535 | ഇല്ല. | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 31,27,253 | 31,27,253 | 31,27,253 | ഇല്ല. | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 19,408 | 10,14,116 | 10,33,524 | 9,64,502 | 69,022 | 93.32 |
| ബി ഫണ്ട് | | 6,84,08,900 | 6,84,08,900 | 6,84,08,900 | | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 226 | 8,81,47,164 | 93 | 3,49,37,582 | 1 | 133 | 40 |

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയും പ്രകാരം 30% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 33,30,753 | 45,02,330 | 11,71,527 | 36.47 |
| നികുതിയേതര വരവുകൾ | 4,35,351 | 17,39,729 | 12,84,378 | 48.32 |
| മറ്റുവരവുകൾ | 7,49,245 | 2,16,895 | 5,32,356 | (-)41.72 |
| ആകെ | 45,33,549 | 64,58,954 | 19,23,549 | 30% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 5,05,200 | 308 |
| കർഷകതൊഴിലാളിപെൻഷൻ | 1,16,15,200 | 537 |
| വിധവാപെൻഷൻ | 1,79,77,000 | 1370 |
| വാർദ്ധക്യകാലപെൻഷൻ | 2,39,99,100 | 2573 |
| വികലാംഗപെൻഷൻ | 1,33,82,800 | 372 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ്പ്രകാരമുള്ള ക്യാഷ്

ബാലൻസ് പരിശോധന 22.8.2017-ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,132/-രൂപ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.7.2017 | 6/2017 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.9.2012 | 2007-08<br>2011-2012 | 5/11/12 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തുപരിധിയിൽ വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽനികുതി ഒടുക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശികയുള്ള തൊഴിൽനികുതി പിഴപലിശസഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, പനവേലി | I &II |
| 2 | പ്രിയദർശിനി വെൽഫയർ സൊസൈറ്റി | I &II |
| 3 | കേച്ചേരി ചിറ്റ്സ് | II |
| 4 | ബി.എസ്സ്.എൻ.എൽ | I &II |

### 2-2 അൺ എയ്ഡഡ് സ്കൂളുകളുടെയും സ്വാശ്രയ കോളേജിന്റെയും സ്ഥാപനനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തുപരിധിയിൽ എസ്സ്.ഡി.എ.എച്ച്.എസ്സ് കരിക്കം, മാർബസേലിയസ്സ് ഓഷ്യൻസ്റ്റാർസ് സ്കൂൾ ചിരട്ടകോണം, കരിക്കം ഇന്റർ നാഷണൽ പബ്ലിക് സ്കൂൾ, എം.ടി.എസ്സ്.എസ്സ്.യു.പി.എസ്സ്, നാരിക്കൽ എന്നീ അൺ എയ്ഡഡ് സ്കൂളുകളും, യൂനസ്സ് കോളേജ് ഓഫ് എഞ്ചിനിയറിംഗ്, തലച്ചിറ എന്ന സ്വാശ്രയ കോളേജും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റുചെയ്ത് ഈടാക്കുന്നുണ്ട്. എന്നാൽ സ്ഥാപന നികുതി ഡിമാന്റുചെയ്ത്

ഈടാക്കുന്നില്ല. ടി സ്ഥാപനങ്ങളുടെ സ്ഥാപനനികുതി ഡിമാന്റുചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഫണ്ടുകളുടെ വിനിയോഗത്തിൽ വീഴ്ച -ഗ്രാന്റിനങ്ങളിൽ അനുവദിച്ച് നല്കിയ 2,42,46,213/-രൂപ ചെലവഴിച്ചില്ല.

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി വിവിധ ഗ്രാന്റിനങ്ങളിൽ അനുവദിച്ച് നല്കിയ 2,42,46,213/-രൂപ ഗ്രാമപഞ്ചായത്ത് തൻവർഷം വിനിയോഗിച്ചില്ല.

വിവിധ പദ്ധതികളുടെ നിർവഹണത്തിനായി ഗ്രാമപഞ്ചായത്തിന് തൻവർഷം സർക്കാർ അനുവദിച്ച് നൽകിയ ഗ്രാന്റുകളുടേയും ഫണ്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | വാർഷിക പദ്ധതി പ്രകാരം വകയിരുത്തിയ തുക | സംസ്ഥാന ബജറ്റ് പ്രകാരം അനുവദിച്ച തുക. | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 2,15,74,846/- | 1,50,52,000/- | 1,86,92,763/- | 1,70,71,848/- | 16,20,915/- |
| 2 | വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) | 1,24,06,637/- | 1,15,74,000/- | 1,15,74,156/- | 59,27,697/- | 56,46,459/- |
| 3. | പട്ടികവർഗ ഉപപദ്ധതി | 4241/- | 2000/- | 2241/- | - | 2241/- |

| | | | | | | |
|---|---|---|---|---|---|---|
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,11,20,665/- | 92,67,000/- | 1,04,82,725/- | 31,27,253/- | 73,55,472/- |
| 4 | കെ.എൽ.ജി. എസ്.ഡി.പി. | 55,22,839/- | | 54,89,820/- | 11,58,687/- | 43,31,133/- |
| 5 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 58,76,830/- | 43,74,000/- | 43,73,916/- | 9,62,461/- | 34,11,455/- |
| 6 | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 55,90,073/- | 49,85,000/- | 49,85,073/- | 31,06,535/- | 18,78,538/- |
| | ആകെ | | | | | 2,42,46,213/- |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾമൂലം 2,42,46,213/-രൂപ ചെലവഴിക്കപ്പെടാതെ നഷ്ടമായിരിക്കുകയാണ്. മേൽഅപാകതയ്ക്ക് വിശദീകരണം തേടി 19.08.17-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.1-ന് ചെലവഴിയ്ക്കപ്പെടാതെ പോയ തുകകൾ വകയിരുത്തി സ്പിൽ ഓവർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. വാർഷികപദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നേടിയ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും ഫണ്ടുകൾ വിനിയോഗിക്കുവാനും നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-2 തെരുവുവിളക്കുകളുടെ പരിപാലനം - മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ അധികനിരക്ക് അനുവദിച്ച് നൽകി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അവയുടെ പരിധിയിലുള്ള തെരുവുവിളക്കുകളുടെ റിപ്പയറിംഗും മെയിന്റൻസും ടെണ്ടറിംഗ് സംവിധാനംവഴി ആനുവൽ മെയിന്റൻസ് കോൺട്രാക്ടിലൂടെ നൽകാമെന്നും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി-യുടെ നിരക്കിനേക്കാൾ അധികമാവാൻ പാടില്ലായെന്നും 15.09.11ലെ 3055/ഡിഎ3 /2011/തസ്വഭവ സർക്കുലറിലും, Replacing CFL on existing street light എന്ന ഇനം പ്രവൃത്തിയ്ക്ക് നൽകാവുന്ന നിരക്ക് കോൺട്രാക്ടറുടെ ലാഭവിഹിതം ഉൾപ്പെടെ 45.5 രൂപയാണെന്ന് കെ.എസ്.ഇ.ബി.യുടെ 25.08.16ലെ ബി.ഒ.(എഫ്.റ്റി.ഡി.)2495/16(No.D(D&S)AEI/Proposal 02/15നമ്പർ ബോർഡ് ഓർഡറിലും വ്യക്തമാക്കിയിരിക്കെ പ്രസ്തുത പ്രവൃത്തിയ്ക്ക് 80/-രൂപ നിരക്കിലുള്ള കരാർ

അംഗീകരിച്ച് തുക അനുവദിച്ചുനൽകി. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലനപ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/ തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. KSEB-യിൽ നിന്നുള്ള സാക്ഷ്യപത്രങ്ങൾക്കുപകരം വാർഡ് മെമ്പർമാരിൽനിന്നുള്ള സാക്ഷ്യപത്രങ്ങളെ ആധാരമാക്കിയാണ് പരിപാലനപ്രവൃത്തികൾക്കായി തുക നൽകിയിരിക്കുന്നത്.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി തനതുഫണ്ടിൽനിന്ന് 3 ലക്ഷം രൂപ വകയിരുത്തി നിർവഹണം നടത്തിയ തെരുവുവിളക്കുപരിപാലനം എന്ന പ്രോജക്ടിനായി കരാർ ക്ഷണിക്കുകയും സിംഗിൾ ട്യൂബ് 98/-രൂപ, ഡബിൾ ട്യൂബ് 105/-രൂപ, സി.എഫ്.എൽ 80/-രൂപ എന്നിങ്ങനെ നിരക്കുകൾ ക്വാട്ടുചെയ്ത ശ്രീ.അശോകൻ, അമല ഇലക്ട്രിക്കൽസ്, വെണ്ടാർ എന്ന വ്യക്തിയ്ക്ക് കരാർ നൽകുകയും 10.03.17ലെ വൗച്ചർ നം.21600948 പ്രകാരം പിൻവലിച്ച 1,54,234/-രൂപ കരാറുകാരന് നൽകുകയും ചെയ്തു. പ്രസ്തുത തുകയിൽ 1,14,320/-രൂപ 1429 സി.എഫ്.എൽ 80/-രൂപ നിരക്കിൽ മെയിന്റനൻസ് നടത്തിയ ഇനത്തിലുള്ളതാണ്. Replacing CFL on existing street light എന്ന ഇനം പ്രവൃത്തിയ്ക്ക് നൽകാവുന്ന നിരക്ക് കോൺട്രാക്ടറുടെ ലാഭവിഹിതം ഉൾപ്പെടെ 45.5/-രൂപയാണെന്ന് കെ.എസ്.ഇ.ബി.യുടെ 25.08.16ലെ ബി.ഒ(എഫ്.റ്റി.ഡി.) 2495/16(No.D(D&S) AEI/Proposal 02/15-നമ്പർ ബോർഡ് ഓർഡറിലും വ്യക്തമാക്കിയിരിക്കെ പ്രസ്തുത പ്രവൃത്തിയ്ക്ക് 80/-രൂപ നിരക്കിലുള്ള കരാർ അംഗീകരിച്ച് തുക അനുവദിച്ച് നൽകിയതിലൂടെ 49,310/-അധികമായി ചെലവഴിച്ചു. മേൽ അപാകതയിന്മേൽ രേഖാമൂലമുള്ള വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കാതെ അധികമായി ചെലവഴിച്ച 49,301/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

## 3-3 സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല, സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധികനിരക്ക് നൽകി

സർക്കാർ മാർഗനിർദ്ദേശങ്ങൾപ്രകാരം നൽകാവുന്നതിനേക്കാൾ അധികനിരക്ക് നൽകിയും കുറഞ്ഞനിരക്കിൽ ടെണ്ടർ നൽകിയ കരാറുകാരനെ തെറ്റായ മാനദണ്ഡം ആധാരമാക്കി ഒഴിവാക്കിയും സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങിയതുമൂലം 75,300/-രൂപ നഷ്ടമായി.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എൽ.പി, യു.പി സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ട് (നം.233/17) പ്രകാരം 1,99,450/- രൂപ 29.3.17 ലെ ബിൽ നം 29/16-17 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്ന് പിൻവലിച്ച് എഫീ സൊല്യൂഷൻസ്, എഴുകോൺ എന്ന സ്ഥാപനത്തിന് നൽകി 39,890/- രൂപവീതം വിലയുള്ള 5 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിയ്ക്കുകയോ കുറഞ്ഞനിരക്കിൽ ടെണ്ടർ നൽകിയ

കരാറുകാരനെ പരിഗണിക്കുകയോ ചെയ്യാതെയാണ് പ്രസ്തുത വാങ്ങൽ നടത്തിയിട്ടുള്ളത്.

സ്കൂളുകൾക്കാവശ്യമായ ICT ഉപകരണങ്ങളുടെ വിലയും സ്പെസിഫിക്കേഷനും നിശ്ചയിച്ചു കൊണ്ട് പൊതുവിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ച 21.11.16 ലെ NEP3/10192/DPI ഉത്തരവിൽ 5 വർഷ ഓൺസൈറ്റ് വാറന്റിയോടുകൂടിയ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾക്ക് നികുതി ഉൾപ്പെടെ 24,830/-രൂപ പരമാവധി വില നിർണയിക്കുകയും സ്കൂളുകളിലേയ്ക്ക് ICT ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ടോട്ടൽ സൊല്യൂഷ്യൻ പ്രൊവൈഡറായി കെൽട്രോണിനെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ദേശിയതലത്തിലുള്ള ടെണ്ടർ പ്രക്രിയയിലൂടെ ICT ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാർ കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടതായും ICT ഉപകരണങ്ങൾ വാങ്ങുമ്പോൾ കെൽട്രോണിന് മുൻഗണന നൽകണമെന്നും എന്നാൽ ഇതര വെണ്ടർമാരിൽനിന്നും പൊതുവിദ്യാഭ്യാസഡയറക്ടറുടെ ഉത്തരവിൽ നിർദ്ദേശിയ്ക്കുന്ന വിലയും ഗുണനിലവാരവും വില്പനാനന്തരസേവനവും ഉറപ്പാക്കി ഉപകരണങ്ങൾ വാങ്ങാമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നു. പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ പാലിച്ചുമാത്രമേ സ്കൂളുകൾക്കാവശ്യമായ ICT ഹർഡ്‌വെയർ ഉപകരണങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് ഉൾപ്പെടെയുള്ള ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുവാൻ പാടുള്ളുവെന്ന് പൊതുവിദ്യാഭ്യാസവകുപ്പിന്റെ 20.2.17 ലെ സ.ഉ.(സാധാ.)നം.460/2017 പൊ.വി.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവുകളിലെ നിർദ്ദേശങ്ങളോ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ കരാറുകാരനെയോ പരിഗണിക്കാതെ കമ്പ്യൂട്ടറൊന്നിന് 39,890/- രൂപ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനിൽനിന്ന് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങി.

സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങലിനായി നിർവഹണദ്യോഗസ്ഥൻ നൽകിയ ടെണ്ടർ പരസ്യത്തെത്തുടർന്ന് വിവിധ കരാറുകാർ സമർപ്പിച്ച ടെണ്ടർ നിരക്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | എഫ് 1 സൊല്യൂഷൻസ്,എഴുകോൺ | 39,890/- |
| 2 | ടെക് ഇ സിറ്റി, പത്തനാപുരം | 28,300/-,29,300/-,30,800/- 36,000/- |
| 3 | കോംസോൾ ഐറ്റി ഷോപ്പ്,അടൂർ | 42,500/- |

പ്രസ്തുത കരാറുകളിലെ നിരക്കുകളും സ്പെസിഫിക്കേഷനുകളും പൊതുവിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശങ്ങളുമായി പൊരുത്തപ്പെടുന്നവയല്ല. എന്നാൽ ടെണ്ടറിൽ കുറഞ്ഞനിരക്കായ 36,000/- രൂപ രേഖപ്പെടുത്തിയ ടെക് ഇ സിറ്റി, കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റം നൽകാത്തതിനാൽ 39,890/-രൂപാനിരക്ക് രേഖപ്പെടുത്തിയ എഫ് 1 സൊല്യൂഷൻസ്, എഴുകോൺ എന്ന സ്ഥാപനം നൽകിയ ടെണ്ടർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.02.17ലെ

യോഗത്തിലെ 6(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിരിക്കുന്നു. പൊതുവിദ്യാഭ്യാസഡയറക്ടറുടെ ഉത്തരവുപ്രകാരം സ്കൂളുകളിലെ കമ്പ്യൂട്ടറുകളിലേയ്ക്ക് നിർദ്ദേശിച്ചിരിയ്ക്കുന്നത് സ്വതന്ത്രസോഫ്റ്റ്‌വെയറായ ഉബുണ്ടുവിന്റെ പതിപ്പായിരിയ്ക്കെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉൾപ്പെടെ ഉയർന്നനിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചുനൽകി. പൊതുവിദ്യാഭ്യാസഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവോ പൊതുവിദ്യാഭ്യാസവകുപ്പിന്റെ 20.2.17-ലെ സ.ഉ.(സാധാ.)നം.460/2017 പൊതുവിദ്യാഭ്യാസവകുപ്പ് ഉത്തരവോ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.02.17ലെ യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല.

മാർഗനിർദ്ദേശങ്ങൾ പാലിക്കാതെയും സർക്കാർ നിശ്ചയിച്ച് നൽകിയതിനേക്കാൾ അധികനിരക്കുനൽകിയും സ്കൂളിലേക്ക് കമ്പ്യൂട്ടർ വാങ്ങിയത് സംബന്ധമായി രേഖാമൂലമുള്ള മറുപടി ഓഡിറ്റിൽ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി പഞ്ചായത്തിന്റെ വാങ്ങലുകൾക്ക് പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഉത്തരവുകൾ ബാധകമല്ലായെന്നും സ്പാർക്ക് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ആവശ്യമാണെന്നുമുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്. പ്രസ്തുത മറുപടി വസ്തുതാപരമല്ലാത്തതിനാൽ അംഗീകരിയ്ക്കാനാവില്ല. ആയതിനാൽ മാർഗനിർദ്ദേശപ്രകാരം സ്കൂളുകളിലേയ്ക്ക് കംപ്യൂട്ടർ വാങ്ങുന്നതിനായി ചെലവഴിയ്ക്കാവുന്ന 1,24,150/-രൂപയേക്കാൾ (24830x5) അധികമായി ചെലവഴിച്ച 75,300/-രൂപ (1,99,450 - 1,24,150) ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

## 3-4 <u>തെരുവുവിളക്കുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി കരാറുകാർ മുഖേന നടപ്പിലാക്കുന്നു,ഒപ്പം തൊഴിൽക്കൂലി ക്രമരഹിതമായി കെ.എസ്.ഇ.ബി യ്ക്കും നൽകുന്നു</u>

തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള തൊഴിൽ കൂലി ഉൾപ്പെടെയുള്ള തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കുകയും എന്നാൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സ്വകാര്യവ്യക്തികളെ ഏൽപ്പിച്ച് തൊഴിൽക്കൂലി നൽകുകയും ചെയ്യുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വർഷങ്ങളായി ഗണനീയമായ തുക നഷ്ടമാവുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവുവിളക്കുപരിപാലനം (പ്രോ.നം 86/17), സ്പിൽ ഓവർ ആയി നടപ്പിലാക്കിയ തെരുവുവിളക്ക് പരിപാലനം(പ്രോ.നം 235/17) എന്നീ പ്രോജക്ടുകൾപ്രകാരം തെരുവുവിളക്കുകൾ മാറ്റി സ്ഥാപിയ്ക്കുന്നതിനായി തനതുഫണ്ടിൽനിന്നും 2,12,849/-രൂപ സ്വകാര്യകരാറുകാർക്ക് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | മാറ്റി സ്ഥാപിച്ച തെരുവു വിളക്കുകളുടെ എണ്ണം | ഫിറ്റിംഗ് ചാർജായ നൽകിയ തുക | വൗച്ചർ നം/ചെക്ക് നം/തീയതി | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| തെരുവുവിളക്ക് പരിപാലനം (പ്രോ.നം 86/17) | ഡബിൾ ട്യൂബ് 18<br>സിംഗിൾ ട്യൂബ് 386<br>സി എഫ് എൽ 1429 | 1,54,234/- | വൗച്ചർ നം.<br>21600948/ 10.03.2017 | അശോകൻ<br>അമല ഇലക്ട്രിക്കൽ വർക്സ്, വെണ്ടാർ |
| തെരുവുവിളക്ക് പരിപാലനം (പ്രോ.നം 235/17) | സിംഗിൾ ട്യൂബ് 155<br>സി.എഫ്.എൽ 140 | 58,615 | വൗച്ചർ നം.<br>21600948/ 10.03.2017 | |

തെരുവുവിളക്കുകൾക്ക് ആവശ്യമായ ബൾബ്, ട്യൂബ്, ചോക്ക്, ഹോൾഡർ, സ്റ്റാർട്ടർ മുതലായവ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാങ്ങിനൽകുന്ന സാഹചര്യത്തിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക, അറ്റകുറ്റപണികൾനടത്തുക തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഊർജവകുപ്പ് 22.3.1997 ൽ പുറപ്പെടുവിച്ച സ.ഉ(എം.എസ്)നം.13/97 /പി.ഡി ഉത്തരവിന്റെ തുടർച്ചയായി തെരുവുവിളക്കുകൾക്കുള്ള താരിഫ് നിശ്ചയിച്ചുകൊണ്ട് കെ.എസ്.ഇ.ബി. പുറപ്പെടുവിച്ച 12/1/98 ലെ ബി.ഒ(നം) 106/98 /(പ്ലാനിംഗ് കൊമേഴ്സ്യൽ 3515/98) ഉത്തരവിൽ തെരുവുവിളക്കുകൾക്കുള്ള എനർജി ചാർജ്, വൈദ്യുതിലൈൻ പരിപാലനചെലവ്, കണക്റ്റിംഗ് വയർ, തെരുവുവിളക്കുകൾ മാറ്റിയിടൽ ചെലവ്, തെരുവു വിളക്കുകൾ പുതുതായി സ്ഥാപിക്കുന്നതിനുള്ള തൊഴിൽ ചെലവ് മുതലായവ താരിഫിൽ ഉൾപ്പെടുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം നിശ്ചയിച്ച നിരക്കുകൾക്ക് കാലകാലങ്ങളിൽ വർദ്ധനവുവരുത്തി കെ.എസ്.ഇ.ബി. ഈടാക്കിക്കൊണ്ടിരിക്കുന്നു. തെരുവുവിളക്കുകൾ മാറ്റിയിടൽ ചെലവ് ഉൾപ്പെടെ താരിഫിൽ ഉൾചേർന്നിരിക്കുന്നതായി വ്യക്തമാക്കിയിരുന്ന ഒരു ഘടകവും പുതുക്കിയ നിരക്ക് നിർണയത്തിൽ ഒഴിവാക്കിയിട്ടില്ല. പുതുക്കിയനിരക്ക് അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകൾക്കുള്ള താരിഫ് പ്രതിമാസം 1,52,771/-രൂപ എന്ന് കണക്കാക്കി കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുകയാണ്.

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യകരാറുകാർക്ക് തൊഴിൽക്കൂലി നൽകുകയും ഒപ്പംതന്നെ തെരുവുവിളക്കുകൾക്കുള്ള താരിഫിന്റെ ഭാഗമായി പ്രസ്തുത തെരുവുവിളക്കുകൾ മാറ്റിസ്ഥാപിച്ചതിനുള്ള തൊഴിൽക്കൂലി കെ.എസ്.ഇ.ബി.യിൽ ഒടുക്കുകയും ചെയ്യുന്നത് ക്രമരഹിതമാണ്.

സ്വകാര്യ ഏജൻസികൾക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് തൊഴിൽക്കൂലി

ഇനത്തിൽ നൽകിയ തുകക്ക് തത്തുല്യമായ തുക തെരുവുവിളക്കുകൾക്കുള്ള താരിഫിൽനിന്നും കുറവുചെയ്തുമാത്രം കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 29.8.17 തീയതിയിൽ നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

സ്വകാര്യ ഏജൻസികൾക്ക് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് തൊഴിൽക്കൂലി ഇനത്തിൽ നൽകിയ തുകക്ക് തത്തുല്യമായ തുക തെരുവുവിളക്കുകൾക്കുള്ള താരിഫിൽനിന്നും കുറവുചെയ്തുമാത്രം കെ.എസ്.ഇ.ബി.യിൽ ഒടുക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 3-5 പി.എം.എ.വൈ. വിഹിതം നൽകൽ - 4 ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിച്ചിട്ടില്ല

പി.എം.എ.വൈ.യിലേക്ക് വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ നിശ്ചയിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗം ഗുണഭോക്താക്കളുടെ എണ്ണം 16 ആണെന്നും ഗുണഭോക്താവൊന്നിന് 20,000/- രൂപ നിരക്കിൽ 16 ഗുണഭോക്താക്കൾക്കായി 3,20,000/- രൂപയും പൊതുവിഭാഗത്തിൽപ്പെട്ട 6 ഗുണഭോക്താക്കൾക്കായി 1,20,000/-രൂപയും ഉൾപ്പെടെ 4,40,000/- രൂപ ഒടുക്കണമെന്നും വെട്ടിക്കവല ബ്ലോക്കുപഞ്ചായത്തിൽനിന്നും ആവശ്യപ്പെട്ടതിനെതുടർന്ന് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ. വിഹിതം നൽകൽ എന്ന പ്രോജക്ടിനായി (നം.236/16-17) വികസനഫണ്ടിൽനിന്നും 27.2.17 ലെ ബിൽ നം.15/16-17 പ്രകാരം 4,40,000/- പിൻവലിച്ച് ബ്ലോക്കുപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 4 ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മേൽ സൂചന അപാകതകയിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ രേഖാമൂലം ഓഡിറ്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ട് 28.8.17ന് നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

മറുപടിയുടെ അഭാവത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 4 ഗുണഭോക്താക്കൾക്കായി നിക്ഷേപിച്ച 80,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളെ കണ്ടെത്തി നിക്ഷേപിച്ച തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-6 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ -മരുന്നുകൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എൻ.ആർ.എച്ച്.എം.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജ നം. 46/17) റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 1,00,000/- രൂപ വകയിരുത്തുകയും 13.03.17 ലെ ബിൽ നം. 19 പ്രകാരം പ്രസ്തുത തുക ഹോംകോയിൽ ഒടുക്കുകയും ചെയ്തെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 25.8.17 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ഹോംകോയിൽ ഒടുക്കിയ 1,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

**3-7** പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭ്യമായില്ല

എ) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ മരുന്നുവാങ്ങൽ, ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നമ്പർ-S0039/17) എന്ന പദ്ധതിക്കായി 3,12,720/-രൂപ വികസനഫണ്ടിൽനിന്നും വകയിരുത്തി ബിൽനമ്പർ 5/16-17 പ്രകാരം പിൻവലിച്ചിട്ടുണ്ട്. ടി തുക കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷന് ഓൺലൈൻ ട്രാൻസ്ഫർ വഴി നൽകിയിട്ടുണ്ട്. എന്നാൽ കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽനിന്നും തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-8/25-08-2017) രസീത് ലഭ്യമാക്കുന്നതിന് 277/2017/23.03.2017 നമ്പർ കത്ത് കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷന് അയച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. 3,12,720/-രൂപയിൽ 2,12,720/-രൂപയ്ക്കുള്ള മരുന്നിന്റെ പ്രോഫോർമ ഇൻവോയിസും 1,00,000 രൂപയ്ക്കുള്ള ഉപകരണങ്ങളുടെ പ്രോഫോർമ ഇൻവോയിസും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രോഫോർമ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകളോ ഉപകരണങ്ങളോ പാലിയേറ്റിവ് കെയർ പദ്ധതിക്കായി ലഭ്യമായിട്ടില്ല. ഇതിൻമേൽ സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-8/25-08-2017) 733/2017 തീയതി 29/08/17 പ്രകാരം അടിയന്തിരമായി മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കണമെന്ന് കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷനെ അറിയിച്ചുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. മരുന്നുകൾക്കും ഉപകരണങ്ങൾക്കുമായി കാരുണ്യയിൽ ഒടുക്കിയ 3,12,720/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

(ബി)ആയുർവ്വേദ ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ- 3,75,349/- രൂപയുടെ മരുന്നുകൾ ലഭ്യമായില്ല

സെക്രട്ടറി നിർവഹണം നടത്തിയ ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ, (പ്രോ.നം.45/17), വൃദ്ധജനങ്ങൾക്ക് രോഗപ്രതിരോധചികിത്സാപദ്ധതി (പ്രോ.നം.263/17) എന്നീ പ്രോജക്ടുകൾക്കായി 31.01.17ലെ ബിൽ നം.14/16-17 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്ന് പിൻവലിച്ച 5,00,000/-രൂപയും 13.03.17ലെ ബിൽ നം.18/16-17 പ്രകാരം 2,00,000/-രൂപയുമുൾപ്പെടെ 7,00,000/-രൂപ ഔഷധിയിൽ ഒടുക്കിയെങ്കിലും നാളിതുവരെ 3,24,651/-രൂപയുടെ മരുന്നുകൾ മാത്രമാണ്

ലഭ്യമായിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം./ തീയതി. | ലഭ്യമായ മരുന്നിന്റെ വില. |
|---|---|
| 2246/11.3.17 | 1,41,417/- |
| 90023257/28.06.17 | 70,688/- |
| 2363/28.03.17 | 17,678/- |
| 90023251/28.06.17 | 31,075/- |
| 90030841/23.08.17 | 63,793/- |
| ആകെ | 3,24,651/- |

മേൽ സൂചന അപാകതയിൻമേൽ വിശദീകരണം തേടി 25.08.17 നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7-ന് മറുപടി നൽകിയിട്ടില്ല.

മരുന്നുകൾക്കായി ഔഷധിയിൽ ഒടുക്കിയതിൽ ശേഷിക്കുന്ന 3,75,349/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 3-8 പി.എച്ച്.സി യ്ക്ക് മരുന്നുവാങ്ങൽ-പ്രോജക്ട് നമ്പർ-S0038/17- എല്ലാ മരുന്നുകളും ലഭ്യമായില്ല

പി.എച്ച്.സി യ്ക്ക് മരുന്നുവാങ്ങൽ-പ്രോജക്ട് നമ്പർ-S0038/17 എന്ന പദ്ധതിയ്ക്കായി 1,00,000/-രൂപ തനതുഫണ്ടിൽനിന്നും വകയിരുത്തുകയും ഡി.ഡി. നമ്പർ 536852 തീയതി 18.03.2017 പ്രകാരം ടി തുക കാരുണ്യ മെഡിക്കൽ സർവീസ് കോർപ്പറേഷന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ 94,008/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ഇൻവോയ്സ് നമ്പർ | മരുന്ന ലഭ്യമായ തുക |
|---|---|---|
| 2-05-17 | 426 | 42,,438 |
| 2-5-17 | 427 | 25,881 |
| 11-7-17 | 1667 | 25,689 |
| ആകെ | | 94,008 |

പ്രഫോർമ ഇൻവോയിസ് പ്രകാരം 1,00,000/- രൂപയുടെ മരുന്നാണ് ലഭ്യമാകേണ്ടിയിരുന്നത്. 5,992/-രൂപയുടെ മരുന്നുകൾകൂടി ലഭിക്കാനുണ്ട്. ഇതിൻമേൽ സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-8,25-08-2017) 733/2017 തീയതി 29/08/17 പ്രകാരം അടിയന്തിരമായി മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കണമെന്ന് കാരുണ്യ മെഡിക്കൽ

സർവീസ് കോർപ്പറേഷനെ അറിയിച്ചുണ്ട് എന്ന മറുപടിയാണ് ലഭിച്ചത്. മരുന്നുകൾക്കായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയ തുകയിൽ ശേഷിക്കുന്ന 5,992/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിച്ച് തടസ്സം തീർപ്പാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2012-13 | 4,00,000 | | 3,20,706 | 79,294 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 234/17<br>വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിൽ വൈദ്യുതീകരണം | 21601005 | 3,34,700 | 3,34,700 | - |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.സ് ഭവന പദ്ധതി | 522/2010, L.S.G.D/Dtd.17 /02/2010 | 2,27,38,500 | 32,88,200 | 17,96,350 | - | 14,91,850 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 22,500/-രൂപ ലഭിച്ചിട്ടുണ്ടെങ്കിലും, വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-7 സമാഹ്യതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ്പ്രകാരമുള്ള സമാഹ്യതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹ്യത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.6 | 2006-07 | 3.11(7) | വഴിവിളക്ക് സ്ഥാപിക്കൽ അപാകത | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2001-02 | 3.4 | 2006-07 | 3.11(7) | ലൈൻ എക്സ്റ്റൻഷൻ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,07,47,022 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,52,63,747 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,24,601 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,74,061 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 49,301 | എസ്.ഷിബു, സെക്രട്ടറി |
| 3-3 | | 75,300 | എസ്.ഷിബു, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 80,000 | എസ്.ഷിബു, സെക്രട്ടറി |
| 3-6 | 1,00,000 | എസ്.ഷിബു, സെക്രട്ടറി |
| 3-7(എ) | 3,12,720 | ഡോ.സന്തോഷ്കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-7(ബി) | 3,75,349 | ശ്രീ.എസ്.ഷിബു, സെക്രട്ടറി |
| 3-8 | 5,992 | ഡോ.സന്തോഷ്കുമാർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്.ഷിബു, സെക്രട്ടറി | സെക്രട്ടറി, വെട്ടിക്കവല ഗ്രാമപഞ്ചായത്ത് | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | എൽ.എഫ്.ക്യൂ.പി.3/1244/14(6) തീ.16-6-14 | 7 |
| 2001-2002 | എൽ.എഫ്.ക്യൂ.പി.3/1244/14(7) തീ.16-6-14 | 5 |
| 2002-2003 | എൽ.എഫ്.ക്യൂ.പി.3/1244/14(8) തീ.16-6-14 | 5 |
| 2003-2004 | എൽ.എഫ്.ക്യൂ.പി.3/1244/14(9) തീ.16-6-14 | 5 |
| 2004-2005 | എൽ.എഫ്.ക്യൂ.പി.3/1244/14(10) തീ.16-6-14 | 10 |
| 2005-2006 | എൽ.എഫ്.ക്യൂ.പി.3/1244/14(11) തീ.16-6-14 | 14 |
| 2006-2007 | എൽ.എഫ്.ക്യൂ.പി.3/1244/14(12) തീ.16-6-14 | 14 |
| 2007-2008 | എൽ.എഫ്.ക്യൂ.പി.3/1244/14(13) തീ.16-6-14 | 18 |
| 2008-2009 | എൽ.എഫ്.ക്യൂ.പി.3/1244/14(14) തീ.16-6-14 | 18 |

| | | |
|---|---|---|
| 2009-2010 | എൽ.എഫ്.ക്യൂ.പി.3/1244/14(15)<br>തീ.16-6-14 | 16 |
| 2010-2011 | എൽ.എഫ്.ക്യൂ.പി.3/1244/14(16)<br>തീ.16-6-14 | 5 |
| 2011-2012 | എൽ.എഫ്.ക്യൂ.പി.3/1650/20013<br>/5-6-14 | 24 |
| 2012-2013<br>&<br>2013-2014 | കെ.എസ്.എ-കെ.എൽ.എം/പി-3/1042/2015<br>തീ.11-11-15 | 17 |
| 2014-2015<br>&<br>2015-16 | കെ.എസ്.എ-കെ.എൽ.എം/പി-7/1184/2016<br>തീ 3-8-16 | 28 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ്സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം.പി-11/1820/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 20/11/2017

സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവുചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.